**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 760** **28-06-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ എക്സ്പോ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | 2022-ൽ നടത്തിയ സഹകരണ എക്സ്പോ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സർക്കാരിന്റെ രണ്ടാം നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തി സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എറണാകുളം മറൈൻഡ്രൈവ് മൈതാനത്ത് വച്ച് 2022 ഏപ്രിൽ 18 മുതൽ 25 വരെ 8 ദിവസങ്ങളിലായി വളരെ മികവാർന്ന രീതിയിൽ സഹകരണ എക്സ്പോ സംഘടിപ്പിക്കുകയുണ്ടായി. എക്സ്പോ പവലിയനിലെ ശീതീകരിച്ച 60000 ചതുരശ്ര അടിയിലുള്ള 210 സ്റ്റാൾ സ്ഥല സൗകര്യങ്ങൾ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള അപെക്സ് സ്ഥാപനങ്ങൾ, ബോർഡുകൾ, പ്രമുഖ ഹോസ്പിറ്റൽ സംഘങ്ങൾ, ഉത്പാദക സഹകരണ സംഘങ്ങൾ, ഫങ്ഷണൽ രജിസ്ട്രാർമാരുടെ ഭരണ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ ദേശീയതലത്തിൽ പ്രാധാന്യമുള്ള സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവ ചേർന്ന് വിവിധ വലുപ്പത്തിലുള്ള ആകർഷകമായ 152 സ്റ്റാളുകൾ ഒരുക്കുകയുണ്ടായി.<br><br>**ഉത്ഘാടന സമ്മേളനം**<br><br>2022 ഏപ്രിൽ 18 വൈകിട്ട് ഏഴിന് ബഹു. സഹകരണ വകുപ്പ് മന്ത്രി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഓൺലൈനിലൂടെ എക്സ്പോ-2022 ഉദ്ഘാടനം ചെയ്തു.<br><br>**സെമിനാറുകൾ**<br><br>എക്സ്പോ യോട് അനുബന്ധിച്ച് സഹകരണ മേഖലയെ പ്രത്യക്ഷമായും പരോക്ഷമായും ബാധിക്കുന്ന വിഷയങ്ങളെ കുറിച്ചുള്ള സെമിനാറുകളാണ് മേളയിൽ സംഘടിപ്പിച്ചിരുന്നത്. **11** സെമിനാറുകളാണ് നടന്നത്. ഓരോ രംഗത്തെയും വിദഗ്ധരാണ് സെമിനാറുകളിൽ പങ്കെടുത്തത്. എല്ലാ |

സെമിനാറുകളും സഹകാരികളുടെ സാന്നിദ്ധ്യം മൂലം സമ്പന്നമായിരുന്നു.

**സഹകരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം**

തിരുവനന്തപുരം മുതൽ കാസർകോട് വരെയുള്ള ജില്ലകളിൽനിന്നുള്ള സഹകരണ സ്ഥാപനങ്ങൾ പ്രദർശനത്തിൽ പങ്കെടുക്കാൻ എത്തിയിരുന്നു. കേരള ബാങ്ക്, ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, റെയ്ഡ്കോ, കൺസ്യൂമർ ഫെഡ്, മിൽമ, മത്സ്യഫെഡ്, കേരഫെഡ്, റബ്കോ, എൻ.എം.ഡി.സി., കേരള ദിനേശ് ബീഡി സഹകരണ സംഘം, ടൂർഫെഡ്, സാഹിത്യ പ്രവർത്തക സഹകരണ സംഘം, പട്ടികജാതി, പട്ടിക വർഗ സഹകരണ സംഘങ്ങൾ, യുവജന..സഹകരണ..സംഘങ്ങൾ, ടൂറിസം സഹകരണ സംഘങ്ങൾ, സഹകരണ..വിദ്യാഭ്യാസ..സ്ഥാപനങ്ങൾ, സഹകരണ..ആശുപത്രികൾ, വനിതാ..സംഘങ്ങൾ, കൈത്തറി സംഘങ്ങൾ, കല്യാശേരി വീവേഴ്സ് ഇൻഡസ്ട്രിയൽ സഹകരണ സംഘം, തുടങ്ങിയ സംഘങ്ങളാണ് എക്സ്പോയിൽ പങ്കെടുത്തത്.

**ദേശീയ പങ്കാളിത്തം**

തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർ, സഹകരണ സ്ഥാനപന ജീവനക്കാർ എന്നിവർ പങ്കെടുത്തു.

**അന്തർദേശീയ പങ്കാളിത്തം**

ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് അലയൻസ് ഏഷ്യ ആൻഡ് പസഫിക് റീജിയണൽ ഡയറക്ടർ ശ്രീ. ബാലസുബ്രഹ്മണ്യ അയ്യർ സഹകരണ എക്സ്പോയുടെ മുഖ്യ സാന്നിദ്ധ്യമായി മാറി.

**എക്സ്പോ പ്രൊമോഷൻ**

എക്സ്പോ ബാനറുകളും, പോസ്റ്ററുകളും, ചുവരെഴുത്തുകളും, ഫ്ലയറുകളും, നോട്ടീസുകളും ബ്രോഷറുകളും, ഫെസ്റ്റിവൽ ബുക്കും ഓൺലൈൻ മീഡിയകളും പത്ര ദൃശ്യ മാധ്യമങ്ങളും വഴി ലക്ഷക്കണക്കിനു ആളുകളിലേക്ക് സഹകരണ എക്സ്പോ വിവരങ്ങൾ എത്തിക്കുവാൻ കഴിഞ്ഞു.

**സ്റ്റാൾ അവാർഡുകൾ**

സെയിൽസ് വിഭാഗത്തിലും, തീം വിഭാഗത്തിലും ഏറ്റവും മികച്ച സ്റ്റാളുകൾക്ക് മൂന്നു അവാർഡുകൾ

| | | | |
|---|---|---|---|
| | | | വീതം നൽകി. കൂടാതെ 9 വിഭാഗങ്ങളിലുള്ള സ്റ്റാളുകൾക്ക് രണ്ടു അവാർഡുകൾ വീതവും നൽകി. ഉപരിയായി സേവന ദാദാക്കളേയും ആദരിച്ചു. |
| (ബി) | പ്രസ്തുത എക്സ്പോയുടെ ഉദ്ദേശ്യം വ്യക്തമാക്കാമോ; ഉദ്ദേശ്യം അനുസരിച്ചുള്ള ഗുണഫലം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ ; | (ബി) | സഹകരണ എക്സ്പോ ഉദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. സഹകരണ പ്രസ്ഥാനത്തിന്റെ ശക്തി സമൂഹത്തിനു ബോധ്യപ്പെടുത്തുക,<br>2. സംസ്ഥാനത്തെ സഹകരണ മാതൃകകൾ ആഗോള, ദേശീയ തലത്തിൽ പരിചയപ്പെടുത്തുക,<br>3. സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങളെ പരിചയപ്പെടുത്തുക, അവയ്ക്ക് വിപണിയിൽ സ്ഥാനം ഉറപ്പിയ്ക്കുക. കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിലേയ്ക്ക് അവരെ കൊണ്ടെത്തിയ്ക്കുക,<br>4. കേരളത്തിലെ സഹകരണ ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും ഒരു ഏകീകൃത ബ്രാൻഡ് വികസിപ്പിയ്ക്കുക,<br>5. സഹകരണ മേഖലയിലെ പുതിയ ആശയങ്ങളുടെ പ്രൊഫഷനലിസവും സാങ്കേതിക വിദ്യയും പരിചയപ്പെടുത്തുക,<br>6. കേരളത്തിലെ സഹകരണ മേഖലയിലെ സേവനങ്ങൾ പരിചയപ്പെടുത്തുക,<br>7. കേരളത്തിലെ സഹകരണ മേഖലയിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും ആഗോള വിപണി ലക്ഷ്യമിട്ട് നിലവാരമുള്ള മാർക്കറ്റ് വ്യാപനം നടത്തുക.,<br>8. സമ്പുഷ്ടമായ കേരള ഉപഭോക്തൃ വിപണിയിൽ സഹകരണ ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും വർദ്ധിച്ച സാന്നിധ്യം ഉണ്ടാക്കുക.<br>9. സഹകരണ മേഖലയിലെ കാലിക പ്രസക്തിയുള്ള വിവിധ വിഷയങ്ങളെക്കുറിച്ച് സെമിനാറുകളും, ചർച്ചകളും, സംഘടിപ്പിക്കുക തുടങ്ങിയവയായിരുന്നു എക്സ്പോയുടെ പ്രധാന ലക്ഷ്യങ്ങൾ.<br><br>എക്സ്പോയിലൂടെ സഹകരണ മേഖലയിലെ എല്ലാ ഉല്പാദക സഹകരണ സംഘങ്ങളുടെയും ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തിയതിനും പുറമെ അന്തർദേശീയ, ദേശീയ, സംസ്ഥാന തലങ്ങളിൽ സഹകരണ പ്രസ്ഥാനം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ, ഏറ്റെടുത്ത വെല്ലുവിളികൾ, നടപ്പിലാക്കി വരുന്ന ജനപ്രിയ പ്രവർത്തനങ്ങൾ എന്നിവയും ജനങ്ങളിൽ |

| | | | |
|---|---|---|---|
| | | | എത്തിക്കുന്നതിനും സാധിച്ചതുൾപ്പെടെ എക്സ്‌പോയുടെ ഉദ്ദേശ്യം അനുസരിച്ചുള്ള ഗുണഫലം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | പ്രസ്തുത എക്സ്‌പോയുടെ ഭാഗമായി വന്നിട്ടുള്ള ചെലവുകളുടെ വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കാമോ; എക്സ്‌പോ നടത്തുന്നതിനായുള്ള വരുമാന സ്രോതസ്സ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ചെലവുകൾ സംബന്ധിച്ച കണക്കുകൾ അന്തിമമായി പൂർത്തീകരിച്ചിട്ടില്ല.<br><br>സഹകരണ സ്ഥാപങ്ങളിൽ നിന്ന് സംഭാവനയായി ലഭിച്ച തുക, സ്റ്റാൾ വാടക ഇനത്തിൽ ലഭിച്ച തുക, ഗവൺമെന്റ് നൽകിയ സഹായം എന്നിവ ഉപയോഗിച്ചാണ് എക്സ്പോ നടത്തിയത്. |

സെക്ഷൻ ഓഫീസർ